ശ്രീ. കെ. എം. കോര: ഉദ്ദേശം രണ്ടര മൈലോളം പണി നടന്നിട്ടുണ്ട്.

ഭൂമിവിതരണം

* ൧൦൯. (വ) ശ്രീ. പി. കെ. കുഞ്ഞൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) നെയ്യാറിൻകര കുന്നത്തുകാൽ പകുതി കാട്ടുപ്പുകാണിപ്പുറം ഭൂമി എത്രപേക്ക പതിച്ചുകൊടുത്തിട്ടുണ്ടെന്നു പറയുമോ; അതിൽ പട്ടികജാതിക്കാരിൽപ്പെട്ട എത്രപേക്ക് ഭൂമി ലഭിച്ചിട്ടുണ്ടെന്നു പറയുമോ;

(ബി) ഈ ഭൂമി, വിതരണം സംബന്ധിച്ച് വല്ല പരാതികളും ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ;

(സി) പ്രസ്തുതസ്ഥലത്തു കാട്ടതെളിച്ച് ദേഹണ്ഡംചെയ്ത മറ്റു പിന്നോക്ക സമുദായക്കാരന്റെ കൈവശമിരുന്ന ഭൂമി പ്രസ്തുതഭൂമി വിതരണംനടത്തിയ മറ്റുമെമ്പറുടെ ബന്ധുക്കൾക്കും ചാർച്ചക്കാർക്കുമായി വീതിച്ചുകൊടുത്തു സംബന്ധിച്ചുള്ള പരാതി ഗവൺമെന്റിലേക്ക് ലഭിച്ചിട്ടുണ്ടോ; അതിൽ വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) കുന്നത്തുകാൽ പകുതി കാട്ടുപ്പുകാണിപ്പുറം ഭൂമി ആർക്കും പതിച്ചുകൊടുത്തിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞൻ ശാസ്ത്രി: ആ പകുതിയിൽ ഏതെങ്കിലും സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതിനടുത്തുള്ള ചില സർവെ നമ്പരുകളിൽ നിന്ന് സ്ഥലം കൊടുത്തിട്ടുള്ളതായി കാണുന്നുണ്ട്.

ശ്രീ. എൻ. കെ. കുഞ്ഞുപിള്ള: അവിടെ ചിലർ പ്രത്യേകം അതിരുതിരിച്ചു തെങ്ങ്, കവുങ്ങ് മുതലായ വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചിട്ടുള്ള സ്ഥലങ്ങൾ അന്യർക്കു പതിച്ചുകൊടുത്തിട്ടുള്ളതായി ഗവൺമെൻറിലേക്കു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: നോട്ടീസു വേണം.

Mr. Speaker: Next question.

ശ്രീ. പി. കെ. കുഞ്ഞൻ ശാസ്ത്രി: ഞാൻ ചോദിച്ച ചോദ്യത്തിന്റെ ഉത്തരം.

Mr. Speaker: I have already called the next question.

ഭൂമിപതിവു്

* ൧൧൦. (ൻ) ശ്രീ. പി. കെ. കുഞ്ഞൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ലാൻഡുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

മൂവാറ്റുപുഴ താലൂക്കിൽപ്പെട്ട മന്നാംകണ്ടം പിന്നോക്കസമുദായക്കാർക്കു പതിച്ചുകൊടുക്കുവാൻ ഗവൺമെൻറനുവദിച്ചതു് എന്നാണെന്നു പറയുമോ; ആ ഭൂമി ഇതിനകം ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

മന്നാംകണ്ടംപിന്നോക്ക സമുദായക്കാർക്കു കൊടുക്കുന്നതിനു റിസർവ് ചെയ്തു് ഫൻ ൪൦ ആഗസ്റ്റ് പൻ–ൽ ആണ്. ആ ഭാഗം ആർക്കും കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly